LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

32(417) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ;

(ബി) ഇത് കൊല്ലം ജില്ലയിൽ ആരംഭിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കുഴിമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ആഫീസ് തുടങ്ങുന്ന നിർദ്ദേശത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കൊല്ലം ജില്ലയിലെ പതാരം, വെളുത്തമണൽ, പേരൂർ, കുഴമതിക്കാട്, ഇരവിപുരം എന്നിവ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

(സി) പെരുമ്പുഴ, എഴുകോൺ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുഴമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ലഭിച്ചിട്ടുള്ളത്. നിലവിലുള്ള മാനദണ്ഡ പ്രകാരം സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ മേൽപ്പറഞ്ഞ സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ കുഴമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

താരിഫ് പ്രകാരമുള്ള വൈദ്യുതി നിരക്ക്

33 (418) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഓരോ വിഭാഗത്തിനുമുള്ള താരിഫ് പ്രകാരമുള്ള വൈദ്യുതി നിരക്ക് എത്രയായിരുന്നു എന്നും 2016 ജനുവരി മാസത്തിലെ നിരക്ക് എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ നാളിതുവരെ എത്ര തവണ വൈദ്യുത നിരക്ക് കൂട്ടി ; ഓരോ തവണയും കൂട്ടിയ യൂക എത്ര;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി വകുപ്പിൽ മറ്റ് ഏതെല്ലാം ഇനങ്ങളിൽ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം*ആയി ചേർത്തിട്ടുണ്ട്.

(ബി) മൂന്നു തവണ പരിഷ്കരിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള (പോസ്റ്റ് ഉൾപ്പെടെയുള്ള) നിരക്കുകൾ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം, 1-4-2014 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-3* ആയി കൊടുത്തിരിക്കുന്നു. കൂടാതെ, കോളനികൾ, ബഹുനില കെട്ടിടങ്ങൾ, വാണിജ്യ/ വ്യാവസായിക/ഗാർഹിക സമുച്ചയങ്ങൾ മുതലായവയ്ക്കുള്ള വ്യക്തിഗത കണക്ഷനുകൾക്ക്, കണക്ഷൻ ഒന്നിന് 300 രൂപ ക്രമത്തിൽ 'Energisation Charge' 1-7-2015 -ലെ 'Kerala State Electricity Regulatory Commission' ഉത്തരവ് പ്രകാരം 1-9-2015 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമെ, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്- 2014-ലെ റെഗുലേഷൻ 77(3) പ്രകാരം പുതുതായി സർവ്വീസ് കണക്ഷന് അപേക്ഷിക്കുന്ന പ്രിമൈസസിൽ, അവധി ദിവസങ്ങളിലോ, ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന ദിവസങ്ങളിലോ, പരിശോധന നടത്തുന്നതിന് താഴെ പറയുന്നപ്രകാരം 1-7-2015-ലെ കമ്മിഷൻഉത്തരവ് അനുസരിച്ച് 1-9-2015 മുതൽ Kerala State Electricity Board Limited ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	വിഭാഗം	ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന പ്രവൃത്തി ദിനങ്ങളിൽ നടത്തപ്പെടുന്ന പരിശോധനയ്ക്കുള്ള ഫീസ് (രൂപയിൽ)	ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന അവധി ദിനങ്ങളിൽ നടത്തപ്പെടുന്ന പരിശോധനയ്ക്കുള്ള ഫീസ് (രൂപയിൽ)
1	എൽ.റ്റി. സിംഗിൾ ഫേസ്	25	50
2	എൽ.റ്റി. ത്രീ ഫേസ്	50	100
3	എച്ച്. റ്റി.	1,000	2,000
4	ഇ.എച്ച്.റ്റി.	2,000	4,000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly